compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 05
Tuesday, 05th May 2026

1201 മേടം 22
22nd Medam 1201

1948 വൈശാഖം 15
15th Vaisakha 1948

വാല്യം 15
Vol. XV

നമ്പർ **18**
No.

Part III

Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

TLKM/P/560/2023-B9 തിയതി:01.05.2026

ഫാറം 2

(പന്ത്രണ്ടാം വകുപ്പ് പ്രകാരം)

ജപ്തി ചെയ്ത ജഗംമ സ്വത്തുക്കളുടെ ലേല നോട്ടീസ്

മുവാറ്റുപുഴ താലൂക്ക്,തിരുമാറാടി പകുതി ഓണക്കൂർ വില്ലേജ് ,തിരുക്കൊച്ചി കോക്കനട്ട് പ്രൊഡ്യൂസർ എന്ന കമ്പനി പേരിലുള്ള റവന്യൂ റിക്കവറി ഗ്രാറ്റുവിറ്റി കുടിശിക 470179/-രൂപയും പലിശയും റവന്യൂ റിക്കവറി നടപടി ചിലവുകളും അടക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നതിനെ തുടർന്ന് താഴെ ചേർത്തിട്ടുള്ള സാധനങ്ങൾ 18.05.2026 തിയതി പകൽ 11.30മണിക്ക് ഓണക്കൂർ വില്ലേജ് ഓഫീസിൽ വെച്ച് പൊതു ലേലം വഴി വിൽപ്പന നടത്തിന്നതായിരിക്കും ലേലത്തിൽ പങ്കെടുക്കുന്നവർ നിരത ദ്രവ്യം 16500/-രൂപ കെട്ടി വെക്കേണ്ടതാണ് .അങ്ങെനെ വിൽക്കപ്പെടുന്ന സാധനങ്ങൾ ലേല തുക മുഴുവൻ നൽകി ക്രേതാവ് ഏറ്റെടുത്തുകൊള്ളേണ്ടതാണ്.

ക്രമനമ്പർ	ഇനം	എണ്ണം
1)	സതേൺ ജനറേറ്റർ സെറ്റ് മോഡൽ നമ്പർ എസ് .ജി.പവറോൾ -സി2 എൽ2-97-410	ഒരെണ്ണം
2)	ആന്ഡവർ ലത്തെ വർക്സ് ഓയിൽ മിൽ സൊല്യൂഷൻ എന്ന കമ്പനിയുടെ 07/2020 വർഷത്തെ മാക്സി എസ്. എസ്. 2007083 നമ്പർമെഷിൻ (എണ്ണയാട്ടുന്ന ചക്ക്)	ഒരെണ്ണം

ഒപ്പ്

കളക്ടർ /അധികാരപ്പെട്ട ഉദ്യോഗസ്ഥൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6 (1) വകുപ്പ് പ്രകാരമുള്ള പരസ്യം

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റെസാ വികസനവുമായി ബന്ധപ്പെട്ട്, പ്രൊവിഷൻ ഫോർ പെരിമീറ്റർ റോഡ്, വാച്ച് ടവർ എന്നിവയുടെ നിർമാണത്തിനായി നെടിയിരുപ്പ് വില്ലേജിലെ ഭൂമി ഏറ്റെടുക്കുന്നത്

ബി-193/2024 **തിയ്യതി : 13-03-2026**

താഴെ കൊടുത്തിട്ടുള്ള താലൂക്കിലെ താഴെ കൊടുത്ത വില്ലേജിലെ താഴെ കൊടുത്ത റീ-സർവ്വെ നമ്പറിൽപെടുന്ന ഭൂമികളുടെ സർവ്വെ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ടി സർവ്വെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കാവുന്നതാണെന്നും താഴെ പറയുന്ന സർവ്വെ നമ്പറുകൾ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച അക്ടിലെ 6(1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെ പറയുന്ന ഭൂമികളുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്നോ തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലിചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാവുന്നതിനും അതിരുകൾ കാണിച്ച് കൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതാത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാവുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6 (2) എന്ന വകുപ്പ് പ്രകാരം താഴെ പറയുന്ന ഭൂമികളിൽ അവകാശമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6 (3) വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും

എ) സർവ്വെ ചെയ്യുന്നതിന് വേണ്ടി നിർമാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ, വിളകളോ അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റു ലൈനുകളോ വെടിപ്പാക്കണമെന്നും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബി) കൊടി പിടിക്കുന്നവരെയും ചെയിൻമാൻ മാരെയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തും കാലത്തും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും.

സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റു പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽ പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ പ്രസ്തുത ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളത് പോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാണ്.

ഭൂമിയുടെ വിശദ വിവരങ്ങൾ

ജില്ല : മലപ്പുറം

താലൂക്ക് : കൊണ്ടോട്ടി **വില്ലേജ് :** നെടിയിരുപ്പ് **ബ്ലോക്ക് നമ്പർ** : 36

റീസർവ്വെ നമ്പർ : 64/4 **വിസ്തീർണ്ണം :** 0.0807 ഹെക്ടർ

ഒപ്പ്

സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.)
കോഴിക്കോട് വിമാനത്താവളം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

DCWYD/3272/2025-DM6 29-04-2026

ലേല പരസ്യം

വൈത്തിരി താലൂക്കിൽ കൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 19 ൽ റീസർവേ നമ്പർ 88/1 പാർട്ടിയിൽ ഉൾപ്പെട്ടതും മുണ്ടക്കൈ- ചൂരൽമല ഉരുൾപൊട്ടൽ ദുരിതബാധിതർക്കായുള്ള ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായി ഏറ്റെടുത്ത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ഫാക്ടറി കെട്ടിടത്തിലെ മെഷീനറികളും അനുബന്ധ യന്ത്ര സാമഗ്രികളും 12/05/2026 ന് രാവിലെ 11.00 മണിക്ക് കൽപ്പറ്റ വില്ലേജ് ഓഫീസ് പരിസരത്ത് വെച്ച് ഡെപ്യൂട്ടി കളക്ടർ (ഡി.എം) പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ₹25,000/- രൂപ നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരീകരിക്കുന്നതാണ്. ലേലം നേടിയ ആൾ ലേല തുകയ്ക്ക് പുറമെ, ലേല തുകയും 18% ചരക്ക് സേവന നികുതിയും, ലേല തുക ഉൾപ്പെടെ 2% വരുമാന നികുതിയും ഉൾപ്പെടെയുള്ള തുകയാണ് ഒടുക്കേണ്ടതാണ്. ലേല തുകയുടെ 1/3 ഭാഗവും ചരക്ക് സേവന നികുതിയും വരുമാന നികുതിയും ഉൾപ്പെട്ട തുകയും അന്നേ ദിവസം സർക്കാറിലേക്ക് അടയ്ക്കേണ്ടതാണ്. ലേലം കൊണ്ടയാൾ ലേലം സ്ഥിരീകരിച്ച ശേഷം 7 ദിവസത്തിനകം ബാക്കി തുക ഒടുക്കി, ലേലം കൊണ്ട സാധന സാമഗ്രികൾ സ്വന്തം ചെലവിൽ ആർക്കും നാശനഷ്ടമുണ്ടാകാത്ത രീതിയിൽ സ്ഥലത്ത് നിന്നും നീക്കം ചെയ്യേണ്ടതാണ്.ലേലത്തിൽ പങ്കെടുക്കുന്നവർക്ക് GST രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കണം. ലേലം ജില്ലാ കളക്ടറുടെ അംഗീകാരത്തിന് വിധേയമായിരിക്കും. ഈ ലേലം ഏത് സമയത്തും റദ്ദാക്കാനുള്ള അധികാരം ലേല അതോറിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

ലേലം ചെയ്യപ്പെടുന്ന വസ്തുക്കളുടെ വിവരങ്ങൾ

ക്രമ നമ്പർ	വസ്തു വിവരങ്ങൾ
1	Withering Trough
2	Oil Tank, Lifting Winch
3	Rotor Vane Machine
4	RC Hopper with Screw Conveyor
5	Rotor Vane with Two Shredder
6	CTC Machine with Tray
7	Miscellaneous Spares

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8	CTC Machine Conveyor
9	Fermentation Drum
10	Chain Block and Rail
11	Conveyor
12	Fibromat with Magnetic Roller
13	Leaf Grade Trinx
14	Sifter with Sieve
15	Fibromat (Small)
16	Winnower Unit
17	Machine with Rollers and Conveyor
18	Dust Grade Trinx
19	Winnower Unit & Vertical Screw Conveyor
20	Fluid Bed Dryer and Ancillary
21	Bulk Chamber
22	Withering Trough (1st Floor)
23	Tractor, Compressor, Packing Machine, Weighing Machine
ഉദ്ദേശ വില - 17,03,000/- (പതിനേഴ് ലക്ഷം മൂവായിരം രൂപ)	

(ഒപ്പ്/-)
ഡെപ്യൂട്ടി കളക്ടർ (ഡി.എം)
ജില്ലാ കളക്ടർക്കു വേണ്ടി

ജില്ലാ കളക്ടറുടെ കാര്യാലയം
വയനാട്, കൽപ്പറ്റ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

LAGTLY/37/2026-K Dated: 23.04.2026

FORM NO . 16

NOTIFICATION UNDER SECTION 6 OF THE KERALA SURVEY AND BOUNDARIES ACT 1961

Whereas the Government have directed the Survey of lands comprised in Survey Numbers noted below in Paduvilayi & Ancharakkandy Villages, it is hereby notified under sub-section (1) of Section 6 of the Kerala Survey and Boundaries Act, 1961, that survey operation will be started in the Village soon and the survey numbers of the above said village noted below will be demarcated and surveyed and that every person claiming to be interested in the registered lands situated within or adjoining the above mentioned lands is hereby invited to attend immediately either in person or by agent on the surveyor employed in the locality and also from time to time when called upon for the purpose of pointing out the boundaries and supplying information in connection therewith.

Under sub-section (2) of Section 6 of the said act, this notification shall be held to be a valid notice to every person having any interest in the above said lands.

Under sub-section (3) of Section 6 of the above said act, all the registered holders are hereby required :-

(a) to clear within 15 days by cutting down or removing any trees, jungle, fences, standing crops or other material obstructions of the boundaries or other lines, the clearance of which may be necessary for the purpose of survey; and
(b) to provide labour at such time and for such periods as may from time to time be required by furnishing flag holders and chainmen; and
(c) to provide suitable survey marks and otherwise to give such assistance in the Survey as may be demanded under the said Act or the rules made there under.

If any person fails to comply with these requisitions under clauses (a) to (c) mentioned above, the work will be got done by employing hired labour and the cost thereof will be recovered from the defaulters as provided in the act and rules made there under.

DETAILS OF LANDS

Sl. No	District	Taluk	Village	Desom	Survey No
1	Kannur	Thalassery	Paduvilayi	Chambad & Kunnirikka	4,5,8,20
2		Kannur	Ancharakkandy	Ancharakkandy	4,5,6,22,23,24,25

(Sd/-)

Special Tahsildar LA (General)
Thalassery

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.05 03:36:20 +05:30